**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** **07-06-2021 - ൽ മറുപടിയ്ക്ക്**

**ലക്ഷദ്വീപ് നിവാസികളുടെ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലക്ഷദ്വീപുമായി കേരളത്തിനുള്ള വാണിജ്യ-സാസ്കാരികബന്ധം കണക്കിലെടുത്ത് അവിടുത്തെ സമകാലിക പ്രശ്നങ്ങളിൽ ഇടപെട്ട് ദ്വീപ് നിവാസികളുടെ ആശങ്ക അകറ്റുന്നതിന് സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാറുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ? | (എ) | ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും, കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റേയും അവിടുത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുവാനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണെന്നും ആയതുകൊണ്ട് തന്നെ അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും, ആവശ്യപ്പെട്ടുകൊണ്ട് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിലേയ്ക്ക് തുടർനടപടികൾക്കായി അയച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ